പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 865

10.02.2016 ൽ മറുപടിക്ക്

കടൽഭിത്തി പുനർനിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.ശ്രീരാമകൃഷ്ണൻ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനിയിൽ കടൽക്ഷോഭത്താൽ തീരദേശ റോഡുകൾ അടക്കം കടലെടുത്ത് ഒറ്റപ്പെട്ട് കിടക്കുന്ന പാലപ്പെട്ടി അജ്മീർ നഗറിൽ കടൽ ഭിത്തി പുനർനിർമ്മിച്ച് ജനങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | പാലപ്പെട്ടി അജ്മീർ നഗറിൽ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിന് ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാമിൽ (എഫ്.എം.പി) ഉൾപ്പെടുത്തി 12.20 കോടി രൂപയുടെ എസ്റ്റിമേറ്റ് (2500 മീറ്റർ നീളം) തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കടൽഭിത്തി അടക്കം പൊന്നാനിയിൽ പൂർണ്ണമായി തകർന്ന ലൈറ്റ് ഹൗസ് മുതൽ തെക്കോട്ട് കാപ്പിരിക്കാട് വരെയുള്ള ഭാഗത്ത് ഭിത്തി നിർമ്മാണത്തിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) | പൊന്നാനി മണ്ഡലത്തിലെ തകർന്ന കടൽ ഭിത്തികൾ പുനർനിർമ്മിക്കുന്നതിന് 18.00 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിട്ടുണ്ട്. എന്നാൽ കേരള നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതി (2011-14) യുടെ തീരുമാനപ്രകാരം കേരളത്തിന്റെ തീരപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കടൽക്ഷോഭങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്തുവാനും കടൽ ക്ഷോഭത്തെ തടയുന്നതിന് പുലിമുട്ടുകൾ ഫലപ്രദമാണോ എന്ന് പരിശോധിക്കുന്നതിനും വേണ്ടി കേന്ദ്ര ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പൂനെയിലുള്ള CWPRS (Central Water Power Research Station)നെ ചുമതലപ്പെടുത്തുകയുണ്ടായി. CWPRS ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടൽഭിത്തിയുടെയും/പുലിമുട്ടുകളുടെയും ഡിസൈൻ തയ്യാറാക്കിയതിനു ശേഷം, തുടർ നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ